പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 184

23.01.2014-ലെ മറുപടിയ്ക്ക്

# സഹകരണ മേഖലയിലെ പൊതുവിതരണ സംരംഭങ്ങളിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. എ.പ്രദീപ് കുമാർ<br>,, ജി.സുധാകരൻ<br>,, സാജു പോൾ<br>,, എ.എം.ആരിഫ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ക്രിസ്തുമസ് സീസണിൽ ക്രിസ്തുമസ് ചന്തകൾ നടത്തി ന്യായവിലക്ക് സാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br>2013 ഡിസംബർ 24 മുതൽ 31 വരെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 1786 ചന്തകളിലൂടെ ന്യായവിലയ്ക്കു സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) കൺസ്യൂമർഫെഡ്,ത്രിവേണി, നന്മ സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ പൊതുവിപണിയിൽ വിലപിടിച്ചു നിർത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) സഹകരണ മേഖലയിൽ ഉപഭോക്താവിന് ആവശ്യമായ സാധനങ്ങൾ നൽകാൻ തക്കവിധത്തിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ? | (ബി) യും (സി) യും | കൺസ്യൂമർഫെഡിന്റെ ത്രിവേണി, നന്മ സ്റ്റോറുകളിൽ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം, എല്ലാ സാധനങ്ങളും ആവശ്യത്തിന് സ്റ്റോക്ക് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അക്കാരണത്താൽ മുൻവർഷത്തെ അപേക്ഷിച്ച് പൊതുവിപണിയിൽ വിപുലമായി ഇടപെടുന്നതിന് കഴിഞ്ഞിരുന്നില്ല.<br>എന്നാൽ 2013 ഡിസംബർ മാസം സർക്കാരിൽ നിന്നും 25 കോടി രൂപ നൽകിയതിനെ തുടർന്ന് സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ എത്തിക്കാൻ കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ